## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4939 — 30.06.2014-ൽ മറുപടിയ്ക്ക്

### മന്ത്രിതല സംഘങ്ങൾ

| | ചോദ്യം<br>ശ്രീ. കെ. അജിത് | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ മന്ത്രിതല സംഘങ്ങൾ സംസ്ഥാന ആവശ്യങ്ങൾ ഉന്നയിച്ച് കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ : | (എ) | 5 പ്രാവശ്യം |
| (ബി) | ഇതിൽ സംസ്ഥാനം നേരിടുന്ന ഏതെല്ലാം പ്രധാനപ്പെട്ട വിഷയങ്ങളാണ് സംഘം കേന്ദ്രമന്ത്രിമാരുടെ അനുമതിയ്ക്കായി സമർപ്പിച്ചതെന്നും ഏതെല്ലാം കാര്യങ്ങൾ സംസ്ഥാനത്തിന് അനുകൂലമായി അനുവദിയ്ക്കപ്പെട്ടു എന്നും വ്യക്തമാക്കുമോ : | (ബി) | സംസ്ഥാനം വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവ പൂർണ്ണമായ സമീപനമാണ് മുൻ കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നും ലഭ്യമായത്. സംസ്ഥാനം ഉന്നയിച്ച പുതിയ പദ്ധതികൾ അടക്കമുള്ള എല്ലാ പദ്ധതികളും കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്.<br><br>കൊച്ചി മെട്രൊ റയിൽ പദ്ധതിക്ക് പബ്ലിക് ഇൻവെസ്റ്റ്മെന്റ് ബോർഡിന്റെ അംഗികാരം, അട്ടപ്പാടിയിൽ സമഗ്ര പരിസ്ഥിതി സംരക്ഷണ പദ്ധതി, റേഷൻകടകളുടെ നവീകരണത്തിന് പന്ത്രണ്ടാം പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം, സംസ്ഥാനത്തിന്റെ ആവശ്യത്തിന് അരിയും ഗോതമ്പും അനുവദിക്കൽ, ന്യായവില കടകളിലൂടെ അവശ്യ സാധനങ്ങളുടെ വിതരണം, സിൽക്കും എച്ച്.ഇ.എൽ. മായുള്ള സംയുക്ത സംരംഭം, ഭാരത് ഹെവി ഇലക്ട്രിക്കൽ ലിമിറ്റഡും കേരള സർക്കാരുമായിച്ചേർന്ന് കാസർഗോഡ് ആരംഭിക്കുന്ന BHEL, Electric Machine Ltd, SCL ഉം SAIL യുമായി ചേർന്നുള്ള സംയുക്ത സംരംഭം, കായംകുളത്തു നിന്നും തിരുവനന്തപുരത്തേക്ക് വാതക പൈപ്പ് ലൈൻ നീട്ടൽ, മണ്ണെണ്ണ വിഹിതം അനുവദിക്കൽ, രാജീവ് ഗാന്ധി ഏവിയേഷൻ സെന്റർ പരിശീലനത്തിനായി ഇന്ത്യൻ എയർ ഫോഴ്സിന്റെ പഴയ വിമാനം അനുവദിക്കുന്നതിന് നടപടി, ജൻറം പദ്ധതി പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങൾക്ക് കൂടുതൽ ബസ്സുകൾ വാങ്ങാനുള്ള തുക അനുവദിക്കാൻ നടപടി, എൻവയോൺമെന്റ് |

| | | | |
|---|---|---|---|
| | | | ഇംപാക്ട് അസ്സസ്സെന്റ് നോട്ടിഫിക്കേഷൻ 2006 പ്രകാരം സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്സെന്റ് അതോറിറ്റിയും സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് കമ്മിറ്റിയും സ്ഥാപിക്കുന്നതിന് അനുമതി, മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസിന്റെ ഗെയിംസ് വില്ലേജ് സ്ഥാപിക്കുന്നതിന് ആർമിയുടെ സഹായത്തോടെ പ്രീ-ഫാബ്രിക്കേറ്റഡ് ഇൻഫ്രാസ്ട്രക്ചർ നിർമ്മാണത്തിനുള്ള അനുമതി, കോൾ കൃഷിയുമായി ബന്ധപ്പെട്ട് 425 കോടി രൂപയുടെ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (സി) | മന്ത്രിതല സംഘങ്ങളുടെ സന്ദർശനത്തിനായി ഓരോ തവണയും ചെലവായ തുക എത്രയെന്നും വെളിപ്പെടുത്തുമോ ? | (സി) | വിവിധ തീയതികളിലെ ഡൽഹി സന്ദർശനത്തിനായി നാളിതുവരെ ചെലവായ തുക ചുവടെ ചേർക്കുന്നു.<br>2011 സെപ്റ്റംബർ 22, 23 - 1,40,235/-<br>2011 നവംബർ 21, 22 - 3,46,186/-<br>2012 മാർച്ച് 26, 27 - 58,100/-<br>2012 ജൂലായ് 1, 3 - 1,35,075/-<br>2013 മാർച്ച് 4, 5 - 1,63,491/- |

സെക്ഷൻ ഓഫീസർ